# ഷഷ്ടിപൂർത്തിയാഘോഷത്തിൽ
## ഇടശ്ശേരി ചെയ്ത പ്രസംഗം

ഇക്കഴിഞ്ഞ മൂന്നു ദിവസങ്ങൾ എന്റെ ജീവിതത്തിൽ അവിസ്മരണീയങ്ങളാണ്. അത്യാർഭാടപൂർവ്വമായി ഞാൻ സ്വീകരിക്കപ്പെട്ടു. തുടർന്ന മൂന്നു ദിവസങ്ങളിലായി അഞ്ചു മഹാസമ്മേളനങ്ങളും നിരവധി കലാപരിപാടികളും ഇവിടെ നടന്നു. കലാപരിപാടികൾ ഇനിയും നടക്കാനുണ്ട്. എന്റെ തിരഞ്ഞെടുത്ത കൃതികളുടെ അതിമനോഹരമായ ഒരു പതിപ്പ് ഉൽഘാടനം ചെയ്യപ്പെട്ടു. കേരളത്തിലെ മഹാകവികളും പ്രശസ്ത നിരൂപകന്മാരും സുഹൃത്തുക്കളും ബന്ധുക്കളും ചേർന്ന് എഴുതിച്ചുണ്ടാക്കിയ ഒരുപഹാരഗ്രന്ഥം എനിക്കായി സമർപ്പിക്കയുണ്ടായി. കുറച്ചു ദിവസങ്ങളായി കേരളത്തിലെ പത്രപംക്തികളിൽ ഞാനൊരു പ്രധാന വാർത്താ വിഷയമായിരിക്കയാണ്. സർവ്വോപരി, ആശിസ്സുകളാലും, അനുമോദനങ്ങളാലും പ്രശംസകളാലും എന്നെ മൂടിക്കൊണ്ടിരിക്കയാണ്. സ്നേഹപ്രകടനങ്ങളല്ലാതെ മറ്റൊന്നും ഈ ദിവസങ്ങളിൽ എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. ഒരു രാജകുമാരനോ അർദ്ധദേവൻ തന്നെയോ കൊതിച്ചു പോയേക്കാവുന്ന പ്രഭാവപൂർണ്ണതയിലാണ് ജീവിതത്തിലെ ഓരോ നിമിഷവും പാറിക്കൊണ്ടിരിക്കുന്നത്. നിലനില്ക്കണേ എന്ന് ആരും കൊതിച്ചു പോകുന്ന ഈ സൗഭാഗ്യദേവതയ്ക്കു മുമ്പിൽ ഞാൻ തല കുനിച്ചു പോകുന്നു.

പക്ഷേ, ഈ മൂന്നു ദിവസവും എന്റെ മനസ്സ് നിരന്തരം പ്രാർത്ഥിച്ചിരുന്നത് എന്റെ കാൽ ഈ മണ്ണിൽ ത്തന്നെ ഉറച്ചു നിൽക്കണേ എന്നാണ്. പ്രശസ്തിയുടെ ഈ കൊടുങ്കാറ്റിൽ ആടി വീഴാതെ എനിക്ക് പിടിച്ചു നിൽക്കാൻ കഴിയണേ എന്നാണ്. എന്റെ ഭഗവാൻ നിശ്ചയമായും ഈ പ്രാർത്ഥന കയ്ക്കൊള്ളുമെന്ന് എനിക്കുറപ്പുണ്ട്.

ഞാൻ ഇത്രയൊന്നും അർഹിക്കുന്നില്ല. പക്ഷേ എനിക്കുമാത്രം അറിയാവുന്നതാണ് ഈ സത്യം. ഈ മഹോത്സവത്തെ ഉൽഘാടനം ചെയ്ത മഹാകവി ജി. പറയുകയുണ്ടായി. തന്നെയും എന്നെയും ഉദ്ദേശിച്ച്, ഞങ്ങൾ വിദ്യാഭ്യാസമില്ലാത്തവരാണെന്ന്. ആ പ്രസ്താവന, വക്താവിന്റെ സൗവർണ്ണമായ വിനയശീലത്തിന്റെ ബഹിസ്ഫുരണവും എന്നെ സംബന്ധിച്ചേടത്തോളം ഒരു കേവലസത്യവുമാണ്. പ്രാഥമികവിദ്യാഭ്യാസത്തിൽക്കവിഞ്ഞ് ഒന്നും നേടാൻ എനിക്ക് തരമായില്ല. മഹാകാവ്യങ്ങൾ ഉൾപ്പെടെ മലയാളത്തിലുണ്ടായിട്ടുള്ള കവിതാപുസ്തകങ്ങളിൽ ചിലത് പഠിക്കാനും രണ്ടു മൂന്ന് സംസ്കൃതകാവ്യങ്ങൾ വായിക്കാനും വളരെ കുറച്ച്, വിരലിലെണ്ണാവുന്നത്ര കുറച്ച് ഇംഗ്ലീഷ് പുസ്തകങ്ങളുമായി പരിചയപ്പെടാനും സാധിച്ചു എന്നുള്ളത് സമാന്യമായി പറഞ്ഞാൽ കേരളത്തിലെ ഏതൊരു സാധാരണക്കാരനും സാധിക്കുന്നതേയുള്ളു. എടുത്തുപറയാൻ ഒന്നുമില്ലെന്നർത്ഥം.

ഇതൊരു വിനയ പ്രകടനമല്ല. പിന്നെ എങ്ങിനെ കവിത എഴുതി എന്നു ചോദിക്കാം. സ്നേഹിതന്മാരേ അതൊരത്ഭുതമല്ല. അത്ഭുതസിദ്ധി തരുന്ന യാതൊരു ദേവതോപാസനയാലുമല്ല. മോഹവും സാഹചര്യവും മാത്രമാണ് കവിത എഴുതാനുണ്ടായിരുന്ന മൂലധനം.

കുറെക്കാലത്ത് ഭാരതവും രാമായണവും നിർബ്ബന്ധപൂർവ്വം വായിച്ചിരുന്നു എന്റെ അമ്മ. എഴുത്തച്ഛനിൽ നിന്നു കിട്ടിയ പാണ്ഡിത്യവും അഥവാ വിജ്ഞാനവും അമ്മയുടെ കണ്ഠത്തിൽനിന്ന് മനസ്സ് നുകർന്നെടുത്ത ഈണങ്ങളും ചേർന്നാണ് എന്റെ കവനകലയുടെ ബീജാവാപമുണ്ടായത്. ഭാഗ്യവശാൽ ഞാൻ വളർന്നു വന്ന ഗൃഹാന്തരീക്ഷം വളക്കൂറുറ്റതായിരുന്നു. എന്നെ വളർത്തിയെടുത്ത ജ്യേഷ്ഠത്തിമാർ അല്പം മാത്രം പഠിച്ചവരായിരുന്നെങ്കിലും കാവ്യാസ്വാദനത്തിൽ തല്പരകളായിരുന്നു. അവരുടെ കൊച്ചനുജൻ ഒരു വലിയ അക്ഷരശ്ലോകക്കാരനാവണമെന്ന് ആത്മാർത്ഥതയോടെ മോഹിച്ചിരുന്നവരും. അവർ എഴുതി വെച്ചിരുന്ന കവിതാ പുസ്തകങ്ങളുടെ കൈക്കോപ്പികളാണ് കവിത, എന്നു വെച്ചാൽ ശ്ലോകങ്ങൾ, കാണാപാഠം പഠിക്കാൻ എനിയ്ക്കുപകരിച്ച മഹാഗ്രന്ഥങ്ങൾ. ഞാൻ അതെല്ലാം അല്പം കൂറോടെ തന്നെ ഇവിടെ അനുസ്മരിക്കുകയാണ്.

ഞാനൊരു വക്കീൽ ഗുമസ്ഥനാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ കാരണത്താൽ പലരും എന്റെ കവന പരിശ്രമത്തെ അഭിനന്ദിക്കുന്നതോടൊപ്പം അത്ഭുതം പ്രകടിപ്പിക്കാറുമുണ്ട്. ഈ രണ്ടു വൃത്തികൾ സ്വഭാവവൈരുദ്ധ്യമുള്ളവയാണെന്ന് ആളുകൾ വിചാരിക്കുന്നു. കവിത എഴുതാറുള്ള ഞാനാകട്ടെ, ആരെങ്കിലും ദയവായി അണിയിച്ചു തരുന്ന ദിവ്യതയുടെ പരിവേഷത്തെ ഞാനായിട്ട് തട്ടിയാറ്റേണ്ട എന്നു കരുതി 'അങ്ങനെത്തന്നെ' എന്നു നടിച്ചു കൊടുക്കുകയും ചെയ്യാറുണ്ട്. വാസ്തവം ഇതാണ്. അവിടെയും ഇവിടെയും എഴുത്താണല്ലോ പണി. ഏതെഴുത്തും സാരസ്വതയായ പ്രസാദമാണ്. അന്യായമെഴുതും പോലെയാണോ കവിത എഴുതുക? എന്നു നിങ്ങൾ ചോദിച്ചേക്കാം. അല്ല, ഒന്നും മറ്റൊന്നു പോലെയല്ല എഴുതുക. അന്യായം എഴുതും പോലെയല്ലല്ലൊ പത്രിക എഴുതുക. ഈ വകതിരിവ് കാണിക്കാനറിയില്ലെങ്കിൽ പണ്ടേ പകലേ എന്റെ വക്കീൽ എന്ന വക്കീൽ മുറിയിൽനിന്ന് പുറത്താക്കിയേനേ! പക്ഷേ, ഒന്നുണ്ട്. കവിയ്ക്ക് സങ്കല്പം വേണം. സ്വപ്നം കാണണം. തീരാത്ത മനോരാജ്യത്തിന്ന് അവസരം വേണം. അതിന്നു വിഘാതമാണ് ഏതന്യകർമ്മവും. ഒരു ഡോക്ടറാണെന്നു വെക്കുക. ക്ലോറോഫോം കൊടുത്ത ശേഷം കത്തികയ്യിലെടുത്ത് മനോരാജ്യം വിചാരിക്കാനിരുന്നാൽ രോഗി ബാക്കിയുണ്ടാവുമോ? മനോരാജ്യക്കാരനായ ഒരെഞ്ചിനീയറുടെ തലവിധിയെന്തായിരിക്കും? ഇതിൽക്കവിഞ്ഞ കുഴപ്പമൊന്നും ഭാഗ്യവശാൽ ഒരു കവിയ്ക്ക് വക്കീൽഗുമസ്ഥൻ പണി കൊണ്ടു സംഭവിക്കുന്നില്ല.

ഒരു കവിക്ക് അനന്തങ്ങളായ സങ്കല്പങ്ങളിൽ മുഴുകേണ്ടതുണ്ടെന്ന് ഞാൻ പറഞ്ഞു. അപ്പോൾ നമുക്ക് കുറച്ചു നല്ല കവികളെ കിട്ടാൻ വാസനാസമ്പന്നരായ കുറച്ചു പേരെ ഒന്നും ചെയ്യേണ്ട ആവശ്യമില്ലാതാകുമാറ് 'ചെല്ലും ചെലവും' കൊടുത്തിരിത്തുകയാണോ വേണ്ടത്? അങ്ങനെ ആയാൽക്കൊള്ളാമെന്ന് എനിക്ക് മോഹമുണ്ട്. പക്ഷെ പിന്നെ കവിത എഴുതുമോ എന്ന കാര്യം കണ്ടറിയണം. കാരണം, കവന വ്യവസായത്തിന്നു വേണ്ട അസംസ്കൃത പദാർത്ഥങ്ങളിൽ മുഖ്യമായ ഒന്ന് ലോകവ്യവഹാരങ്ങളിൽ നിന്നു കൈവരേണ്ട വിജ്ഞാനമാണ്. ഏട്ടിൽ കണ്ട വിജ്ഞാനം പോര. അനുഭവസമ്പത്തു വേണം എന്നാണ് പറയുക. ഇതെങ്ങനെ നേടും? എരിയുന്ന വയറിന്റെ തീക്ഷണമായ ചാട്ടവാറുകൊണ്ടു പ്രചോദിക്കപ്പെടുമ്പോളല്ലാതെ ഒരു മനുഷ്യാത്മാവ് കർമ്മം ചെയ്യുമോ? ആ വിശപ്പ് സ്വന്തം കൈകൊണ്ടു തന്നെ കവിയും മാറ്റട്ടെ. വേണമെങ്കിൽ അല്പസ്വല്പം സഹായം ചെയ്തു കൊടുത്തേയ്ക്കൂ. സ്വപ്നചര്യകൊണ്ട് ജീവിതവൃത്തിയിൽ വരാവുന്ന കോട്ടങ്ങൾ നികത്താൻ അതാവശ്യമാകും. അവനെ

ഒരു ഭാഗത്തിരുത്തി സുലഭമായി വെണ്ണ ജപിച്ചുകൊടുത്ത് അവന്റെ വിശപ്പു കെടുത്തിക്കളയരുത്. അവനെ അജീർണ്ണരോഗിയാക്കാനേ ആ ചികിത്സ പറ്റൂ.ഞാൻ ദരിദ്രനുമായിരുന്നു. കവിത വളരെ കുറച്ചു മാത്രം എഴുതിയതിന്ന് ഒരു ഒഴിവുകഴിവായിട്ടല്ല ഞാനിതു പറയുന്നത്. ശപിക്കപ്പെട്ട ആ അവസ്ഥാവിശേഷം പോലും കവനത്തിന്ന് പ്രചോദനം നൽകി എന്നു വിവരിക്കാനാണ്. ദാരിദ്ര്യം അനുഭവജ്ഞാനത്തിന്ന് മൂർച്ചകൂട്ടി. മാത്രമല്ല, എന്റെ സങ്കല്പങ്ങളെ കൂടുതൽ കൂടുതൽ സാന്ദ്രങ്ങളും മധുരങ്ങളുമാക്കുകയും ചെയ്തു.

എന്റെ കവനകലയ്ക്ക് സുഹൃത്തുക്കളിൽ നിന്നുണ്ടായ പ്രേരണയും പ്രോത്സാഹനവും ചെറുതല്ല. എടുത്തു പറയേണ്ട ഒരു വിശേഷമുള്ളത് ഈദൃശ സുഹൃത്തുക്കളിൽ രണ്ടോ മൂന്നോ പേരെക്കഴിച്ചാൽ മറ്റുള്ളവരെല്ലാം എന്റെ ഇളം തലമുറയിൽപ്പെട്ടവരാണ്. അവരാണ് എന്നെ കവി എന്നാദ്യമായി വിളിച്ചത്. അവരാണ് എന്നെ വളർത്തിക്കൊണ്ടുവന്നതും. ആ ഭാഗം ഞാൻ വിസ്തരിക്കുന്നില്ല. നന്ദി എന്ന പ്രകടമായ രണ്ടക്ഷരം പോലും പൊറുക്കാനാവില്ല അവർക്കെന്നോടുള്ള സ്നേഹത്തിന്ന്.

എന്റെ കവിതകൾ ആദർശാത്മകങ്ങളാണെന്ന് നിരൂപകന്മാർ പറയാറുണ്ട്. അതിനെക്കുറിച്ചും രണ്ടു വാക്ക് പറയാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങളിൽപ്പലരേയും പോലെ ഒരടിമയായിട്ടാണ് ഞാനും ജനിച്ചത്. ഭാഗ്യവശാൽ നമ്മൾ കുതറുന്ന അടിമകളായി. കഴുത്തിൽക്കിടന്ന് ചങ്ങല കിലുങ്ങുമ്പോഴും കുരയ്ക്കാനും പല്ലിളിച്ചു ചാടാനുമുള്ള സ്വാതന്ത്ര്യബോധം നമ്മളിൽ ജ്വലിച്ചിരുന്നു. ആ ജ്വാല കൊളുത്തിയത് ആദർശശാലികളിൽ അഗ്രഗണ്യനായ ഒരാളായിരുന്നു. ഈ അന്തരീക്ഷം സമുന്നതങ്ങളായ ചിന്തകളാൽ നിറഞ്ഞിരുന്നു. ശ്വസിച്ച ഓരോ വായുകണവും സത്യധർമ്മങ്ങളുടെ സൗരഭ്യം പുരണ്ടതായിരുന്നു. പോകേണ്ടതെങ്ങോട്ടെന്ന് ചൂണ്ടിക്കാണിച്ചു തന്നത് മഹാത്മജിയാണ്. ഞാനിഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ശരി ആ കൊടുങ്കാറ്റിൽ കരിയിലപോലെ ഞാൻ പാറിക്കളിച്ചു. ദാരിദ്ര്യത്തെ കൂടുതൽ മൂർച്ചകൂട്ടിക്കുവാനേ അത് അതുപകരിച്ചുള്ളു. ദുർവ്വാസനകൾ പ്രാണൻ തല്ലിപ്പിടയുമ്പോഴും പെരുമ്പാമ്പിന്റെ ദൃഷ്ടിയിൽപ്പെട്ട പുള്ളിമാൻ പോലെ അക്കാലത്തു ജീവിച്ച എന്നിലെ എഴുത്തുകാരന്ന് ആ മഹാശക്തന്റെ ഇഛാശക്തിയുടെ ആകർഷണപഥത്തിൽനിന്ന് മാറിനിൽക്കാൻ കഴിഞ്ഞില്ല. വിശേഷിച്ചും എന്നിലെ ശീലങ്ങൾ രൂപം കൊള്ളുന്ന പ്രായവുമായിരുന്നു അത്.

ആദർശവാദത്തിന്ന് വിലയിടിഞ്ഞുവോ? മാർക്കറ്റിന്റെ നിലവാരം അങ്ങനെയാണ്. സ്വതന്ത്രഭാരതത്തിൽ തകർച്ചയുടെ വിലാപങ്ങളാണ് ഇന്നു കേൾക്കുന്നത്. ഏറ്റവും പുതിയ തലമുറയിലെ കവി വ്യർത്ഥതാവാദമന്ത്രത്തിന്റെ ഋഷിയാണ്. ഇതെങ്ങനെ സംഭവിച്ചു? ഇതെന്നെ യഥാർത്ഥത്തിൽ ദുഃഖിപ്പിക്കുന്നുണ്ട്. സത്യം, ധർമ്മം, അഹിംസ ഇത്യാദി ആദർശങ്ങളെ മുറുകെ പിടിച്ചവരെ പിൻതള്ളി കൊണ്ട് തഞ്ചക്കാരുടെ ഒരു വ്യൂഹം മുന്നേറിയിട്ടുണ്ട്. ലോകചരിത്രത്തിൽ പല തവണ ആവർത്തിച്ചതാണ് ഈ സംഭവം. മനുഷ്യശ്രേയസ്സിന്നായി പൊരുതി മരിച്ചവരുടെ മടമ്പു തൊട്ടുകൊണ്ടുണ്ടായിരുന്നു പോക്കറ്റടിക്കാർ. പണ്ടും അങ്ങനെയാണ്. ശ്രീബുദ്ധനു ചുറ്റും അമ്പലങ്ങൾ, വിഹാരങ്ങൾ പടുത്തുയർത്തി. അപ്പോൾ ആ ദേവൻ യഥാർത്ഥത്തിൽ മരിച്ചു. ശ്രീ കൃസ്തുവിന്നു ചുറ്റും പള്ളികൾ ഉയർന്നു. ദൈവപുത്രന്റെ വിധിയും മറിച്ചായില്ല. നമ്മൾ ഗാന്ധിജിക്ക് ക്ഷേത്രങ്ങൾ തന്നെയാണോ പണിയിച്ചു വരുന്നത്? ചമ്മട്ടികൊണ്ട് അടിച്ചിറക്കേണ്ടവരായ കള്ളക്കച്ചവടക്കാരല്ലെ, അവിടെയും തടിച്ചുകൂടുന്നത്. അവരാണ് പ്രമാണിമാരായത്. അവർ ഉറക്കെ പറഞ്ഞു. പരമാർത്ഥക്കാരന്ന് പനങ്കഴുവെന്ന്. ഇളം തലമുറയുടെ കണ്മുമ്പിലുള്ള ചിത്രം ഇതാണ്. അവർ അശുഭാത്മകവാദത്തിലെക്കൊ വ്യർത്ഥതാബോധത്തിലൊക്കെ ചൂളിപോകുന്നുണ്ടെങ്കിൽ അത് സ്വാഭാവികമാണ്. ഞാനവരുടെ ധീരോദാത്തതയെ ചോദ്യം ചെയ്യില്ല. സ്വതന്ത്ര ഭാരതത്തിന്റെ കഥ ഇതാണെങ്കിൽ മഹത്തായ സാഹിത്യത്തിൽനിന്ന് മറ്റെന്തു പ്രതീക്ഷിക്കാം ജീവിതത്തിന്റെ അനുരണനമാണല്ലൊ സാഹിത്യം. ഈ നിലപാടുമാറ്റാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ഭാവി എന്താണ്? എന്താണ് ഈ ദുസ്ഥിതിവിശേഷത്തിന്ന് ഹേതു? എനിക്ക് എന്റെ അനുജന്മാരോട് പറയാനുള്ളത് അവർക്ക് വലിയ സ്വപ്നങ്ങൾ കാണാൻ കഴിയുന്നില്ല എന്നതാണ്. ഞാൻ മുമ്പ് പറഞ്ഞു അടിമത്തത്തെ കുടഞ്ഞു കളഞ്ഞ കാലഘട്ടത്തെപ്പറ്റി. കാലുകൾ തളച്ചിട്ടിരുന്ന ആ കാലത്തും ആ ജനങ്ങളുടെ മനസ്സിൽ മഹത്തായ സങ്കല്പങ്ങളുണ്ടായിരുന്നു. കൂറ്റൻ കൂറ്റൻ സങ്കല്പങ്ങൾ. ക്ഷേമസമൃദ്ധമായ ഒരു ഏകീകൃത വൻകരയെക്കുറിച്ചുള്ള സ്വപ്നങ്ങൾ. അതു മുഴുവൻ സഫലമായെന്നു ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ പലതും സാധിച്ചു. കൊത്തി മുറിച്ചിട്ടിരുന്ന ഇന്ത്യ ഒന്നായി. സ്വർഗ്ഗത്തിലേക്കൊ നരകത്തിലെക്കോ നീങ്ങാൻ അത് സ്വതന്ത്രമായി. എന്തായാലും കുറച്ചെങ്കിലും സ്വർഗ്ഗകവാടങ്ങളെ അത് തറന്നിടുകയും ചെയ്തു. പക്ഷേ, ഇന്നത്തെ യുവാക്കളേ, സ്വതന്ത്രരായി ജീവിക്കാൻ ഭാഗ്യം നേടിയവരേ, നിങ്ങൾക്ക് എന്തെങ്കിലും മഹത്തായ സങ്കല്പമുണ്ടോ? യാഥാർത്ഥ്യങ്ങളുടെ ബീജാങ്കുരം അതിലാണ്. അതേ നിങ്ങൾ ധീരോദാത്തന്മാരും ധർമ്മസ്ഥൈര്യമുള്ളവരുമാകൂ. അതേ നിങ്ങളെക്കൊണ്ടും വലിയ സൃഷ്ടികൾ ചെയ്യിക്കൂ. ആ സിദ്ധി ആദ്യം കൈവരുത്തുക. എങ്കിൽ വിശ്വോത്തരമായ സാഹിത്യകൃതികൾ നിങ്ങളുടെ തലമുറയിൽ ഉടലെടുക്കും.

ഈ മറുപടി പ്രസംഗം വളരെയധികം നീണ്ടുവെന്ന് ഭയപ്പെടുന്നു. ബഹുമാന്യരായ സദസ്യർ അല്പനിമിഷങ്ങൾക്കൂടി ക്ഷമിക്കണമെന്ന് എനിക്കപേക്ഷയുണ്ട്. അത് എന്റെ ഒരു കർത്തവ്യം നിറവേറ്റാനാണ്.

എന്റെ ശുഭകാംക്ഷികളും സുഹൃത്തുക്കളും നാട്ടുകാരുമായ നിങ്ങൾ ഈ ഉത്സവം സംഘടിപ്പിച്ചു. പൊന്നാനിയെപ്പോലുള്ള ഒരു പ്രദേശത്ത്, ഇക്കാലത്ത്, ഇങ്ങിനെയൊന്ന് സംഘടിപ്പിക്കണമെങ്കിൽ അതിനുപിന്നിൽ വേണ്ടിവന്നിട്ടുള്ള കൂറ്റൻ മനുഷ്യപ്രയത്നത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നുണ്ട്. അതിൽ ചെറുപ്പക്കാരായവരോട് ഞാൻ ഒന്നും പറയേണ്ടതില്ല. അവരാണല്ലൊ ഇനിയും എന്നെ അന്ത്യവിശ്രമം വരെ ചുമന്നു നടക്കേണ്ടവർ. മൂത്തവരുടെയും ഈ കൂട്ടത്തിൽ പ്രായം കൊണ്ടും വിജ്ഞാനം കൊണ്ടും മൂത്തവരായി എന്നിൽ ആരാധനാമൂർത്തികളായ ചിലരുണ്ട്. അവർ സഹിച്ച പാട്, വിശദമായി ഞാൻ അറിയാതിരിക്കാനാണ് ആഗ്രഹിക്കുന്നത്. ഞാനവരുടെ മുമ്പിലിതാ തൊഴുകയ്യോടെ നിന്ന് നന്ദി പറയുന്നു. എനിക്ക് എന്റെ കവിതകളെ ഇത്രയും നല്ല ഇടുപ്പിൽ കാണാൻ തരമാക്കിത്തന്ന കറന്റ് ബുക്ക് ഉടമയോടും ഞാൻ അതിവ കൃതജ്ഞനാണ്. അകൈതവമായ സ്നേഹത്തിന്റെയും ഭാഷാഭിമാനത്തിന്റെയും പേരിൽ ഈ ഉത്സവത്തിൽ പങ്കെടുത്ത എല്ലാ സാഹിത്യകാരന്മാരോടും കലാകാരികളോടും കലാകാരന്മാരോടും ഞാൻ കൃതജ്ഞനാണ്. ഒരിക്കൽകൂടി എന്റെ നാട്ടുകാരായ നിങ്ങൾക്കെല്ലാം നന്ദി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഷഷ്ടിപൂർത്തിയാഘോഷങ്ങളുടെ സമാപന ചടങ്ങിൽ ഇടശ്ശേരി ചെയ്ത പ്രസംഗം.